(എഫ്) അപേക്ഷകൻ 22-07-2013, 26-12-2014 എന്നീ തീയതികളിൽ പണിപൂർത്തീകരിച്ച് ഒക്കുപ്പൻസിക്കായി അപേക്ഷ നൽകിയതായി കാണുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.*

(ജി) ഇല്ല.

22-07-2013, 26-12-2014 എന്നീ തീയതികളിലാണ് ടി.സി.-യ്ക്ക് വേണ്ടി അപേക്ഷിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ മുകളിൽ റൂഫ്ടോപ്പ് നിർമ്മിക്കാൻ തിരുവനന്തപുരം നഗരസഭ അനുമതി നൽകിയിട്ടില്ല.

ഇതിനായി കക്ഷി കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പ്രസ്തുത നിർമ്മാണം പരിശോധിച്ച് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനും കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തോടെ പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി സമർപ്പിക്കുവാനും തിരുവനന്തപുരം കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചട്ടലംഘനങ്ങളോടെ പ്ലാൻ വരച്ചു നൽകിയ ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുവാനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതികൾ

129 (4164) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിൽ പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മാതൃകയിലുള്ള പദ്ധതികൾക്കായി എത്ര രൂപയുടെ ധാരണാപത്രമാണ് ഒപ്പിട്ടിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന മാതൃകകൾ ഏതെല്ലാമാണ് ;

(സി) ഇത്തരം പദ്ധതികൾക്കാവശ്യമായ ഭൂമി എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) സംരംഭകരെ ലഭിക്കാത്തതുമൂലം പദ്ധതികൾ മുടങ്ങുന്നുവെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിനാവശ്യമായ ജാഗ്രത പുലർത്തുന്നതിനും മുൻകരുതലുകൾ കൈക്കൊള്ളുന്നതിനും നടപടി എടുക്കുമോ ?

ഉത്തരം

(എ) ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടില്ല.

(ബി) ഷോപ്പിംഗ് മാളുകൾ, മൾട്ടിപ്ലക്സ് തിയേറ്ററുകൾ, ബസ്സ്റ്റാന്റ്, സോളിഡ് വേസ്റ്റ് പ്ലാന്റുകൾ, ആധുനിക അറവുശാലകൾ, പാർക്കിംഗ് പ്ലാസകൾ, കൺവെൻഷൻ സെന്ററുകൾ, ഫ്ളൈഓവറുകൾ, കംഫർട്ട് സ്റ്റേഷനുകൾ തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) നഗരസഭകളുടെയും ഡെവലപ്മെന്റ് അതോറിറ്റികളുടെയും സ്വന്തം പേരിലുള്ളതും ബാദ്ധ്യതാ രഹിതവുമായി നിലവിൽ ലഭ്യമായ ഭൂമിയാണ് ഈ പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നത്.

(ഡി) ഇല്ല.

(ഇ) നടപടി എടുത്തിട്ടുണ്ട്.

നഗരസഭകളിൽ ട്രേഡ് ലൈസൻസ് നൽകൽ

130 (4165) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിൽ ട്രേഡ് ലൈസൻസ് നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി കടകളെ തരംതിരിച്ച് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഫീസ് ഇനം ഏകീകരിക്കുന്നതിനും വെവ്വേറെ ഫീസ് ഈടാക്കുന്നത് ഒഴിവാക്കാനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly